**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4400** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട വൈദ്യുത ഡിവിഷനുകളിലെ ഓരോ സെക്ഷനുകളിലെയും വൈദ്യുത ഉണഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം തുടങ്ങിയ വിശദാംശം ലഭ്യമാക്കാമോ; | (എ) | പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട വൈദ്യുത ഡിവിഷനിലെ ഓരോ സെക്ഷനുകളിലെയും വൈദ്യുത ഉപഭോക്താക്കളുടെ എണ്ണം വൈദ്യുത ലൈനുകളുടെ നീളം ട്രാൻസ്ഫോർമറുകളുടെ എണ്ണം പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം തുടങ്ങിയവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്വീകരിക്കും.<br><br>ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഭൂമിശാസ്ത്രപരമായി സെക്ഷൻ ഓഫീസു കളെ ശാക്തീകരിക്കുന്നതിനുള്ള നടപടി കൾ പരിശോധിച്ച് വരുന്നു. എന്നിരുന്നാലും ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധി തമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ച് വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരി ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെട്ടു ത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരി ക്കുന്നതിനുള്ള സംവിധാനവും, ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോ ക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കു ന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. നിലവിൽ അതിർത്തി പുനർനിർണയത്തിന് സാധ്യത കല്പിച്ചിട്ടുള്ള സെക്ഷനോഫീസുകൾ ഇല്ല. |
| (സി) | മണ്ഡലത്തിൽ അതിർത്തി പുനർനിർണ്ണയത്തിന് സാധ്യത കൽപ്പിച്ചിട്ടുള്ള സെക്ഷൻ ഓഫീസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | സ്വീകരിക്കും.<br><br>ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഭൂമിശാസ്ത്രപരമായി സെക്ഷൻ ഓഫീസു കളെ ശാക്തീകരിക്കുന്നതിനുള്ള നടപടി കൾ പരിശോധിച്ചു വരുന്നു. എന്നിരുന്നാലും ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധി തമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരി ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടു ത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന |

| | | | |
|---|---|---|---|
| | | | നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, ഏർപ്പെട്ടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോ ക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്ക ന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. നിലവിൽ അതിർത്തി പുനർനിർണയത്തിന് സാധ്യത കല്പിച്ചിട്ടുള്ള സെക്ഷനോഫീസുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സെക്ഷൻ ഓഫീസ് | ഉപഭോക്താ-ക്കളുടെ (എണ്ണം) | ലൈനുകളുടെ നീളം (കിലോമീറ്റർ) | ട്രാൻസ്ഫോർമർ (എണ്ണം) | പ്രവർത്തനമേഖല (ചതുരശ്ര കിലോമീറ്റർ) |
|---|---|---|---|---|
| പുനലൂർ | 20761 | 490.32 | 151 | 46.03 |
| തെന്മല | 14064 | 660.09 | 97 | 212.46 |
| പത്തനാപുരം | 24053 | 717.12 | 132 | 66.29 |
| വിളക്കുടി | 17748 | 570.93 | 107 | 38.01 |
| അഞ്ചൽ | 17849 | 627.70 | 104 | 50.74 |
| കുളത്തൂപ്പുഴ | 12727 | 455.73 | 83 | 124.72 |
| കടയ്ക്കൽ | 22061 | 869.69 | 104 | 60.02 |
| കരുകോൺ | 10199 | 429.19 | 66 | 54.41 |
| ചിതറ | 18799 | 654.53 | 88 | 56.37 |
| പിറവന്തൂർ | 13408 | 466.42 | 91 | 38.0 |
| അഞ്ചൽ വെസ്റ്റ് | 17613 | 502.84 | 89 | 36.58 |
| കരവാളൂർ | 14803 | 466.56 | 91 | 34.62 |

സെക്ഷൻ ഓഫീസർ